LIBRARY ARCHIVES Kerala Legislative Assembly

'ഡാനിഡ്' കുടിവെള്ള പദ്ധതി

60 [238] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ രാമനാട്ടുകര പഞ്ചായത്തിൽ നടപ്പാക്കിയ 'ഡാനിഡ്' കുടിവെള്ള പദ്ധതി, വെള്ളം ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ പരാജയപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വെള്ളം ലഭ്യമാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചാലിയാർ പുഴ സ്രോതസ്സായി ചീക്കോടും സമീപ പഞ്ചായത്തുകളിലും ശുദ്ധജല വിതരണം നടത്തുന്നതിന് ഒരു പദ്ധതിയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ കോഴിക്കോട് ജില്ലയിലെ കടലുണ്ടി, ഫറോക്ക്, കരുവൻതുരുത്തി എന്നീ വില്ലേജുകൾക്ക് വേണ്ട ശുദ്ധജല ആവശ്യകത കൂടി പരിഗണിച്ചിട്ടുണ്ട്. ഈ വില്ലേജുകളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളത് രാമനാട്ടുകര പഞ്ചായത്തിലൂടെയാണ്. കടലുണ്ടി പഞ്ചായത്ത് ജെ.ബി.ഐ.സി. പ്രോജക്ടിൽ ഉൾപ്പെടുന്നതിനാൽ ആ പഞ്ചായത്തിന് ചീക്കോട് പദ്ധതിയിൽ നീക്കിവെച്ച ജല ആവശ്യകത രാമനാട്ടുകര പഞ്ചായത്തിലെ ജലദൗർലഭ്യം പരിഹരിക്കാൻ കൂടി പ്രയോജനപ്പെടുത്താവുന്നതാണ്.

(സി) ഇതിനുവേണ്ടി പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല.

എൽ.ഐ.സി.-യുടെ സാമ്പത്തിക സഹായത്തോടെയുള്ള ശുദ്ധജലവിതരണ പദ്ധതികൾ

61 [240] ശ്രീ. എ. എൻ. രാജൻബാബു:

„ കെ. കെ. ഷാജു:

„ ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഐ.സി.-യുടെ സാമ്പത്തിക സഹായത്തോടെ സർക്കാർ പൂർത്തീകരിച്ചു വരുന്ന ശുദ്ധജലവിതരണ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സമയബന്ധിതമായി പണി പൂർത്തിയാകാത്തതുമൂലം എൽ.ഐ.സി.-യുടെ സാമ്പത്തിക സഹായം നിലച്ചുപോയിട്ടുള്ള പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ?